"ഭരണഭാഷ - മാതൃഭാഷ"

എഫ്2 / 12532 / 2020

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 06.01.2021
ഫോൺ : 0484-2422210, 2422227
ഇ-മെയിൽ : ddeekm.dge@kerala.gov.in

മെമ്മോ

വിഷയം :പൊതു വിദ്യാഭ്യാസം - സർക്കാർ / എയ്ഡഡ് / സ്വാശ്രയ ഡി.എൽ.എഡ് (2020-2022) - അലോട്ട്മെന്റ് - സംബന്ധിച്ച്

സൂചന :പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.12.2020-ലെ എം.2/19234/20/ഡി.ജി.ഇ നമ്പർ നിർദ്ദേശം

.............

വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഡി.എൽ.എഡ്-ന്റെ ദ്വിവത്സര കോഴ്സിലേക്കുള്ള 2020-2022 വർഷത്തെ പ്രവേശനത്തിൽ അർഹത നേടിയവർക്കുള്ള അഭിമുഖവും, തെരഞ്ഞെടുപ്പും 2021 ജനുവരി 27, 28, 29 എന്നീ തീയതികളിൽ രാവിലെ 9 മണി മുതൽ എറണാകുളം സെന്റ് തെരേസസ് ഹൈസ്കൂളിൽ (സ്കൂൾ ഓഡിറ്റോറിയം) വച്ച് നടത്തപ്പെടുകയാണ്. പ്രവേശനത്തിന് ലഭിച്ച അറിയിപ്പും താഴെ പറയുന്നവയുടെ അസ്സൽ രേഖകളും സഹിതം താങ്കൾ നിശ്ചിത സമയത്ത് ടി സ്കൂളിൽ ഹാജരാകേണ്ടതാണ്. 'കോവിഡ്-19' പ്രൊട്ടോകോൾ പാലിക്കേണ്ടതും, മാസ്ക്കും, കൈയ്യുറയും നിർബന്ധമായി ധരിക്കേണ്ടതും രക്ഷകർത്താവായി ഒരാൾക്ക് മാത്രം കൂടെ വരാവുന്നതുമാണ്.

1. എസ്.എസ്.എൽ.സി ബുക്ക്
2. ഹയർ സെക്കണ്ടറി / പ്രീ-ഡിഗ്രി / തത്തുല്യമായി അംഗീകരിച്ച പരീക്ഷയുടെ മാർക്ക് ലിസ്റ്റ്.
3. അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി)
4. സ്വഭാവ സർട്ടിഫിക്കറ്റ്
5. ഗവ.അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ ഫോറം 42-ൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. ജവാന്റെ / വിമുക്തഭടന്റെ ആശ്രിതനാണെന്ന് തെളിയിക്കുന്നതിനുള്ള നിശ്ചിത ഫോറത്തിലുള്ള സർട്ടിഫിക്കറ്റ്.
7. പിന്നോക്ക വിഭാഗത്തിന് നിശ്ചിത ഫോറത്തിലുള്ള ജാതി സർട്ടിഫിക്കറ്റ്.
8. ഇക്കോണോമിക്കലി വീക്കർ സെക്ഷന്റെ (EWC Income Certificate) വരുമാന സർട്ടിഫിക്കറ്റ്.

ഈ കോഴ്സിന് സീറ്റുകൾ പരിമിതവും അർഹരായവർ ഏറെയുള്ള സാഹചര്യത്തിൽ താങ്കൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള സമയത്ത് താങ്കൾ ഹാജരായിട്ടില്ലാത്ത പക്ഷം തൊട്ടടുത്തയാളെ പരിഗണിക്കുന്നതും താങ്കളുടെ അവസരം നഷ്ടപ്പെടുന്നതുമാണ്. ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തുന്നതല്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളും അസ്സൽ രേഖകളും തമ്മിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം താങ്കളുടെ പ്രവേശനം റദ്ദാക്കുന്നതായിരിക്കും. അസ്സൽ രേഖകളുടെ സമർപ്പണത്തിന് മറ്റൊരവസരം നൽകുന്നതല്ല. താങ്കൾ തെരഞ്ഞെടുക്കുന്ന പക്ഷം തൽസമയം തന്നെ നിശ്ചിത ഫീസ് ഒടുക്കി അന്നേ ദിവസം തന്നെ പ്രവേശനം നേടേണ്ടതാണ്. സീറ്റുകൾ പരിമിതമായതിനാൽ പി.എസ്.സി റാങ്ക്ലിസ്റ്റ് പ്രകാരമുള്ള കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞാൽ ഇന്റർവ്യൂ അവസാനിക്കുന്നതായിരിക്കും.

| | | | |
|---|---|---|---|
| 1. | സയൻസ് വിഭാഗം | ഗവൺമെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 27.01.2021<br>(9 മണി മുതൽ) |
| 2. | ഹ്യുമാനിറ്റീസ് | ഗവൺമെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 28.01.2021<br>(9 മണി മുതൽ) |
| 3. | കൊമേഴ്സ് | ഗവൺമെന്റ് / എയ്ഡഡ് / അൺ-എയ്ഡഡ് | 29.01.2021<br>(9 മണി മുതൽ) |

OFFICE OF THE DEPUTY DIRECTOR (EDUCATION) KOCHI-30 ERNAKULAM

വിശ്വസ്തതയോടെ

ടോണി ജോൺസൺ
(Full Additional Charge)
പെൻ - 832043
വിദ്യാഭ്യാസ ഉപഡയറക്ട്രേറ്റ്
എറണാകുളം